## പതിനാലാം കേരള നിയമസഭ

## ഇരുപത്തി രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 364** **12.01.2021 ൽ മറുപടിയ്ക്ക്**

# സിവിൽ സപ്ലൈസ് വഴി വിതരണം ചെയ്തിരുന്ന അവശ്യസാധനങ്ങളുടെ വില

ചോദ്യം
ശ്രീ. കെ. ആൻസലൻ

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വരുമ്പോൾ സിവിൽ സപ്ലൈസ് വഴി വിതരണം ചെയ്തിരുന്ന അവശ്യസാധനങ്ങളുടെ വില പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) & (ബി) | സബ്സിഡി നിരക്കിൽ സപ്ലൈകോ വില്പനശാലകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ, ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള വിലയും ഇപ്പോഴത്തെ വിലയും സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ഉൽപ്പന്നങ്ങൾക്ക് ഇപ്പോഴത്തെ വിലയെന്താണ് ; | | |
| (സി) | വിലവർദ്ധനവു വരാതിരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ? | (സി) | വിപണി ഇടപെടൽ പ്രവർത്തനത്തിന്റെ ഭാഗമായി വിലയിൽ മാറ്റമില്ലാതെ സബ്സിഡി നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി താരതമ്യേന കൂടുതൽ തുകയാണ് സർക്കാർ സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുള്ളത്. സബ്സിഡിയിനത്തിൽ സപ്ലൈകോയ്ക്കുണ്ടാകുന്ന ബാധ്യത ലഘൂകരിക്കുന്നതിന് സർക്കാർ ഇത് വരെ **3420.79** കോടി രൂപ സപ്ലൈകോയ്ക്ക് നൽകിക്കഴിഞ്ഞു. കൂടാതെ, കേന്ദ്ര സർക്കാരിന്റെ വില സ്ഥിരതാ ഫണ്ട് ഉപയോഗപ്പെടുത്തി നാഫെഡ്, കേന്ദ്രീയ ഭണ്ഡാർ മുതലായ കേന്ദ്ര ഏജൻസികളിൽ നിന്നും കുറഞ്ഞ വിലയിൽ കൂടുതൽ ഭക്ഷ്യ വസ്തുക്കൾ സംഭരിക്കുന്നതിനും നടപടി സ്വീകരിച്ചു.<br><br>ഭക്ഷ്യ കിറ്റുകളുടെ വിതരണം ഫലപ്രദമായി നടത്തിയതിനാൽ അരി, പലവ്യഞ്ജന |

| | | | |
|---|---|---|---|
| | | | സാധനങ്ങളുടെ വിലയിൽ കുറവ് ഉണ്ടായി. വില നിയന്ത്രിക്കുവാൻ ഗവൺമെന്റ് സപ്ലൈകോ, കൺസ്യൂമർ ഫെഡ്, ഹോർട്ടികോർപ്പ് എന്നിവയിൽ കൂടി NAFED ൽ നിന്നും 1800 മെട്രിക് ടൺ ഉള്ളി ഇറക്കുവാൻ ഓർഡർ നല്കി. സവാളയുടെ ദൗർലഭ്യം മൂലം 100 മെട്രിക് ടൺ സപ്ലൈകോ മുഖേനയും 241 മെട്രിക് ടൺ ഹോർട്ടികോർപ്പ് മുഖേനയും 131.93 മെട്രിക് ടൺ കൺസ്യൂമർ ഫെഡ് മുഖേനയും 45 രൂപയ്ക്ക് വിതരണം ചെയ്തു. കൂടാതെ സപ്ലൈകോ മുഖേന 28430 മെട്രിക് ടൺ ചെറുപയറും, 19,175 മെട്രിക് ടൺ കടലയും, 8450 മെട്രിക് ടൺ ഉഴുന്നും, 8375 മെട്രിക് ടൺ തുവര പരിപ്പും സംഭരിച്ച് വിതരണം ചെയ്തു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം | ഇനം | ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള സബ്സിഡി വില്പന വില | 2021 ജനുവരി മാസത്തെ സബ്സിഡി വില്പന വില |
|---|---|---|---|
| 1 | ചെറുപയർ | 74.00 | 74.00 |
| 2 | ഉഴുന്ന് ബോൾ | 66.00 | 66.00 |
| 3 | വൻകടല | 43.00 | 43.00 |
| 4 | വൻപയർ | 45.00 | 45.00 |
| 5 | തുവര പരിപ്പ് | 65.00 | 65.00 |
| 6 | മുളക് | 75.00 | 75.00 |
| 7 | മല്ലി | 92.00 | 79.00 |
| 8 | പഞ്ചസാര | 22.00 | 22.00 |
| 9 | വെളിച്ചെണ്ണ | 88.00 | 90.00* |
| 10 | ജയ അരി | 25.00 | 25.00 |
| 11 | കുറുവ അരി | 25.00 | 25.00 |
| 12 | മട്ട അരി | 24.00 | 24.00 |
| 13 | പച്ചരി | 23.00 | 23.00 |

* വില്പന നികുതിയിൽ വർദ്ധനവ് വന്നതിനാലാണ് വെളിച്ചെണ്ണയുടെ വില 2.00 രൂപ വർദ്ധിച്ചത്.

സെക്ഷൻ ഓഫീസർ